## (8) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ

ശ്രീ. സി. മമ്മൂട്ടി: സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (9) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട്-ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഫെബ്രുവരി 18-ാം തീയതി സഭയിൽ നടത്തിയ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഡ്ജറ്റിന് മറുപടി പറഞ്ഞ അവസരത്തിൽ പുതിയതായി പല ആനുകൂല്യങ്ങളും ഞാനിവിടെ പ്രഖ്യാപിച്ചിരുന്നു. ബഡ്ജറ്റിന്മേൽ ചർച്ചകൾ നടന്നില്ലെങ്കിലും ജനപ്രതിനിധികൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിക്കുന്നു. അതുസംബന്ധിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*. 2016 ഫെബ്രുവരി 18-ാം തീയതിയിലെ ബഡ്ജറ്റിന്റെ മറുപടിയിൽ ഞാൻ നടത്തിയ പുതിയ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വന്നിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട്സ് സംബന്ധിച്ച ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഉപക്ഷേപത്തോട് അനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്സുകൾ സംബന്ധിച്ച് 2016-17 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവുചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ നൽകിയ അംഗങ്ങളാരും സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ചർച്ച നടന്നില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് എന്തെങ്കിലും സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ചർച്ചയുണ്ടാകാത്ത സാഹചര്യത്തിൽ ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## IX സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് 12.30-ന് എടുക്കേണ്ട ധനവിനിയോഗ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതിനായി സമയം വേവ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.